


# ദീദി കി രസോയി



**എസ്. ഹരികിഷോർ ഐ എ എസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

ഇന്ത്യയിലെ 19 സംസ്ഥാനങ്ങളെ സഹായിക്കാനും ആ സംസ്ഥാനങ്ങളിൽ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്കായി പരിശീലനവും കൈത്താങ്ങമേകാനും വേണ്ടി കുടുംബശ്രീ ഒരു 'നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി' പ്രവർത്തിക്കുന്നത് സംബന്ധിച്ച് ആദ്യലേഖനത്തിൽ (Making an Impact 03) സൂചിപ്പിച്ചിരുന്നുവല്ലോ. സ്ത്രീകളുടെ സംരംഭങ്ങൾ ആരംഭിക്കാനും സ്വയംസഹായ സംഘങ്ങളെയും പഞ്ചായത്തുകളെ ബന്ധിപ്പിക്കാനും വേണ്ടി മറ്റ് സംസ്ഥാനങ്ങളെ സഹായിക്കുന്ന പ്രവർത്തനം കുടുംബശ്രീ എൻആർഒ (നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ) നടത്തുന്നതിനിടയിൽ ബീഹാർ ഗവൺമെന്റിൽ നിന്നും ഒരു ആവശ്യം വന്നു. സ്ത്രീകളുടെ കാന്റീൻ തുടങ്ങാൻ സഹായിക്കാമോ?

ബീഹാറിലെ ആശുപത്രികളിൽ കാന്റീനുകൾ ആരംഭിക്കാനായി സ്ത്രീകളുടെ സംരംഭ ഗ്രൂപ്പുകളെ സഹായിക്കണം. ഇത്തരത്തിൽ കാന്റീൻ തുടങ്ങിയശേഷം കൂടെ നിന്നു കൊണ്ട് ആറ് മാസക്കാലം കൈത്താങ്ങ് നൽകുകയും



വേണമെന്നായിരുന്നു ആവശ്യം. ലഭിച്ച ഈ പുതിയ വെല്ലുവിളി സന്തോഷത്തോടെ ഞങ്ങളുടെ ടീം ഏറ്റെടുത്തു. അങ്ങനെ ബീഹാറിൽ 'ദീദി കി രസോയി' എന്ന കാന്റീൻ ശൃംഖല തുടങ്ങാൻ വേണ്ട നടപടികൾ ഞങ്ങൾ തുടങ്ങി.

2018ലായിരുന്നു ആ തുടക്കം. ബീഹാറിലെ വൈശാലി ജില്ലയിലെ സദർ എന്ന സ്ഥലത്തെ സർക്കാർ ആശുപത്രിയിലാണ് ആദ്യ കാന്റീൻ ആരംഭിച്ചത്. 22 സംരംഭകരടങ്ങിയ ടീമിന് ആദ്യഘട്ടത്തിൽ പത്ത് ദിവസം പരിശീലനം നൽകി. പാചകം, ഭക്ഷണം വിളമ്പൽ, ബിസിനസ് മാനേജ്മെന്റ്, സോഫ്ട് സ്കിൽ തുടങ്ങി ആവശ്യമായ എല്ലാ മേഖലയിലും പരിശീലനം നൽകിയശേഷം 2018 ഒക്ടോബർ പത്തിന് ആദ്യ 'ദീദി കി രസോയി' കുടുംബശ്രീയുടെ സഹായത്തോടെ ബീഹാറിൽ ആരംഭിച്ചു!. തുടർന്ന് ഈ കാന്റീനിൽ ഒരു മാസക്കാലം തുടർച്ചയായി കുടുംബശ്രീയുടെ മെന്റർമാരുടെ നേതൃത്വത്തിൽ തുടർപരിശീലനവും കൂടെ നിന്നുകൊണ്ട് ദൈനംദിന ക്യാന്റീൻ പ്രവർത്തനങ്ങൾക്കുള്ള സഹായവും നൽകി വന്നു.

ഇപ്പോൾ ബീഹാറിലെ ബക്സർ, പുർണിയ, ഷെഖ്പുര എന്നീ ജില്ലകളിലെ ജില്ലാ ആശുപത്രികളിൽ ദീദി കി രസോയി കൂടി തുടങ്ങിക്കഴിഞ്ഞു. ബീഹാറിലെ എല്ലാ ജില്ലാ ആശുപത്രികളിലും ദീദി കി രസോയി ആരംഭിക്കാൻ ബീഹാർ സർക്കാർ നടപടി തുടങ്ങിക്കഴിഞ്ഞു. ഇതിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി ബീഹാറിലെ 150 വനിതാ സംരംഭകർക്ക് പരിശീലനം നൽകി കഴിഞ്ഞു. ഈ വിജയഗാഥ കണ്ട് തെലങ്കാന സംസ്ഥാനവും കാന്റീൻ ആരംഭിക്കാൻ പരിശീലനത്തിനായി കുടുംബശ്രീയെ സമീപിച്ചിരിക്കുകയാണ്. ഇന്ത്യയുടെ രുചിയിലൂടെ സ്ത്രീകൾക്ക് വരുമാനം നൽകുന്ന പുതിയ ഒരു മേഖലയിൽ കൂടി ഞങ്ങൾ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.